## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

അനുസരണമില്ലാത്ത ആടുകളായ നമ്മൾ കാരണം നമ്മെ പിൻതുടരുന്നവരും അപകടത്തിൽ ചെന്നു ചാടുന്നു. അതിലുപരി നമ്മളെ ശ്രദ്ധിച്ചു കഴിയുന്ന അനേക കുഞ്ഞാടുകൾ ഉണ്ടായിരിക്കും. നമ്മുടെ കുടുംബത്തിലെ അനേകം വ്യക്തികൾ ഉണ്ടാകാം. അവർ ശ്രദ്ധിക്കുന്ന / അനുകരിക്കുവാൻ ശ്രമിക്കുന്ന ഏക വ്യക്തി നാം ആയിരിക്കാം. നാം വഴി തെററിയാൽ, പലരും വഴികൾ തെററി അപകടത്തിൽ പതിക്കാം. അവരുടെ രക്തം ദൈവം നമ്മളോട് ചോദിക്കുകയും ചെയ്യും. നമ്മുടെ സുരക്ഷിതത്വം മാത്രമല്ല, മററുള്ളവരുടെയും സുരക്ഷിതത്വത്തെ നോക്കി നാം ഇടയന്റെ അനുസരണയുള്ള കുഞ്ഞാടുകളായി ജീവിക്കാം.

ദൈവത്തിന്റെ ഈ വിധ ശിക്ഷയിൽ നിന്നും ന്യായവിധിയിൽ നിന്നും വിടുതൽ പ്രാപിക്കുന്നതിനുള്ള ഏകമാർഗ്ഗം ദൈവത്തെ പൂർണ്ണമായി അനുസരിക്കുക എന്നതാണ്. നാം അനുസരിക്കേണ്ടത് ഇടയനെയാണ്, അല്ലാതെ മററാരെയുമല്ല എന്ന വസ്തുത നാം പ്രത്യേകം ഓർത്തിരിക്കേണ്ടതാണ്. കാരണം അവനാണ് നമുക്കുവേണ്ടി തന്റെ ജീവനെ കൊടുത്തത്, അവനാണ് നമ്മുടെ ഇടയൻ. നാം അനുസരിക്കേണ്ടത് നമ്മുടെ ഇടയനായ യേശുവിനെയാണ്. അവന്റെ വചനത്തെ ആണ്. അവനാണ് നമുക്കുവേണ്ടി തന്റെ ജീവനെ നൽകിയവൻ, അവനെ അനുസരിപ്പാൻ നാം ബാദ്ധ്യസ്ഥരാണ്. നമ്മുടെ അനുഗ്രഹത്തിനും സുരക്ഷിതത്വത്തിനും വേണ്ടി, മററുള്ളവരുടെ അനുഗ്രഹത്തിനും സുരക്ഷിതത്വത്തിനും വേണ്ടി, നാം കർത്താവിനെ അനുസരിക്കുക.

യേശുവിനെ അനുസരിക്കുന്നത് ഒരിക്കലും നഷ്ടമായിരിക്കുകയില്ല. ശാശ്വതമായ അനുഗ്രഹം നമുക്ക് പ്രദാനം ചെയ്യുകയുള്ളു. ദാവീദ് പറയുന്നു, 'യഹോവ എന്റെ ഇടയനായിരിക്കുകയാൽ എനിക്ക് മുട്ടുണ്ടാകുകയില്ല. യാതൊരു കുറവുമുണ്ടാകയില്ല'. എത്രയോ ഉറപ്പും വ്യക്തവുമായ ഒരു പ്രസ്തവനയാണിത്. എനിക്ക് മുട്ടുണ്ടാകുകയില്ല, യാതൊരു സംശയത്തിന്റെയും കണികയില്ലാതെയാണ് ഇപ്രകാരം പ്രസ്താവിക്കുന്നത്. ഇവിടെ ഒന്നാമതായി നമുക്ക് കാണാൻ കഴിയുന്നത് ഇത് സംതൃപ്തിയുടെ ഒരു പ്രത്യക്ഷീകരണമാകുന്നു എന്നതാണ്. യഹോവ ഇടയനായിരിക്കുന്ന അനുഭവം തികഞ്ഞ സംതൃപ്തിയുടെ അനുഭവമാണ്. ഇടയന്റെ കരുതൽ തികച്ചും തൃപ്തികരമായിരിക്കുന്നു എന്നതാണ്.

തുടരും....